# ചെങ്ങളായി ഗ്രാമപഞ്ചായത്ത്

2026 2027

# ബജറ്റ്

2026 ഫെബ്രു 27 വെള്ളി രാവിലെ 10 മണി

ഗ്രാമപഞ്ചായത്ത് ഹാളിൽ

**ആമുഖ പ്രസംഗം**



**വിപിന ബി.പി**
പ്രസിഡന്റ്
ചെങ്ങളായി ഗ്രാമപഞ്ചായത്ത്

**അവതരണം**



**കെ.കെ രവിമാസ്റ്റർ**
വൈസ്. പ്രസിഡന്റ്
ചെങ്ങളായി ഗ്രാമപഞ്ചായത്ത്

# ചെങ്ങളായി ഗ്രാമപഞ്ചായത്ത്

# ബജറ്റ്

**2026-2027**

**2025 – 26 വർഷത്തെ പുതുക്കിയ ബജറ്റ്**
**2026 – 27 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ്**

പ്രസിഡന്റ്: **ശ്രീമതി. വിപിന ബി പി**

അവതരണം :

## ശ്രീ.കെ.കെ രവി മാസ്റ്റർ

(വൈസ് പ്രസിഡന്റ്
ചെയർപേഴ്സൺ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)

| വാർഡ് | വാർഡിൻറെ പേര് | ജനപ്രതിനിധിയുടെ പേര് | സ്ഥാനം | ഫോൺ നം |
|---|---|---|---|---|
| 5 | കാവിൻമൂല | വിപിന ബി പി | പ്രസിഡണ്ട് | 9496250582 |
| 13 | പെരിന്തലേരി | കെ കെ രവി മാസ്റ്റർ | വൈസ് പ്രസിഡണ്ട് | 9495126254 |
| 11 | പെരിങ്കോന്ന് | എം വി ബിന്ദു | ചെയർപേഴ്സൺ വികസന സ്റ്റാൻഡിംഗ് കമ്മറ്റി | 9497297795 |
| 6 | പരിപ്പായി | രാജൻ പി വി | ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി | 9447373825 |
| 16 | നിടുവാലൂർ | കെ സി അമ്മുക്കുട്ടി | ചെയർപേഴ്സൺ ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാൻഡിംഗ് കമ്മറ്റി | 9074291771 |
| 1 | കണ്ണാടിപ്പാറ | പ്രിയ ടി സി | പഞ്ചായത്ത് അംഗം | 9497781821 |
| 2 | വടക്കേമൂല | അലക്സാണ്ടർ കെ കെ | പഞ്ചായത്ത് അംഗം | 9744215385 |
| 3 | ചാലിൽവയൽ | സഫൂറ കെ | പഞ്ചായത്ത് അംഗം | 8921680229 |
| 4 | മമ്മലത്ത്കരി | ബിജ്ജു ടി | പഞ്ചായത്ത് അംഗം | 9744352406 |
| 7 | അട്ടക്കം | റജീന എം | പഞ്ചായത്ത് അംഗം | 8848028902 |
| 8 | ചെങ്ങളായി | പി കെ നഫീസ | പഞ്ചായത്ത് അംഗം | 9747884915 |
| 9 | കണ്ടംകൈ | ഭാസ്കരൻ എം കെ | പഞ്ചായത്ത് അംഗം | 8281785682 |
| 10 | കോട്ടപ്പറമ്പ | മിനി കെ വി | പഞ്ചായത്ത് അംഗം | 6282830119 |
| 12 | കൊയ്യം | രാജ്കുമാർ ടി | പഞ്ചായത്ത് അംഗം | 8547227815 |
| 14 | തേർളായി | ഹസീന സി കെ | പഞ്ചായത്ത് അംഗം | 9562272709 |
| 15 | മണക്കാട് | കെ സുനീഷ് | പഞ്ചായത്ത് അംഗം | 9947112905 |
| 17 | കണ്ടല്ലാട് | പി കെ സിന്ധു | പഞ്ചായത്ത് അംഗം | 8075145877 |
| 18 | ചുഴലി | കെ ശൈലേഷ് ബാബു | പഞ്ചായത്ത് അംഗം | 9447101883 |
| 19 | പടിഞ്ഞാറെമൂല | രജിത പി | പഞ്ചായത്ത് അംഗം | 9544366144 |
| 20 | കളത്തൂർ | എൻ നാരായണൻ | പഞ്ചായത്ത് അംഗം | 9497231319 |

# ചെങ്ങളായി ഗ്രാമപഞ്ചായത്ത്

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ഗ്രാമപഞ്ചായത്തിൻറെ പേര് | : ചെങ്ങളായി ഗ്രാമപഞ്ചായത്ത്. |
| വില്ലേജുകൾ | : ചെങ്ങളായി, ചുഴലി |
| താലൂക്ക് | : തളിപ്പറമ്പ |
| ബ്ലോക്ക് | : തളിപ്പറമ്പ |
| ജില്ല | : കണ്ണൂർ |
| അസംബ്ലി നിയോജക മണ്ഡലം | : ഇരിക്കൂർ |
| പാർലമെൻറ് മണ്ഡലം | : കണ്ണൂർ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : ചെങ്ങളായി, ചുഴലി. |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : കുറുമാത്തൂർ |
| വിസ്തീർണ്ണം | : 67.33 ച.കി.മീ. |
| അതിരുകൾ : | |
| വടക്ക് | : നടുവിൽ, ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തുകൾ |
| തെക്ക് | : വളപട്ടണം പുഴ |
| പടിഞ്ഞാറ് | : കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് |
| കിഴക്ക് | : ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റി. |
| വാർഡുകൾ | : 20 |
| ജനസംഖ്യ | : 30559 |
| 2011 ലെ സെൻസസ് ആൺ | : 14609 |
| പെൺ | : 15950 |
| പ്രസിഡണ്ട് | : വിപിന ബി പി |
| വൈസ് പ്രസിഡണ്ട് | : കെ കെ രവിമാസ്റ്റർ |
| സ്റ്റാൻറിംഗ്കമ്മിറ്റി ചെയർമാൻമാൻ | : 1. എം വി ബിന്ദു (വികസനം)<br>2. കെ സി അമ്മുക്കുട്ടി (ആരോഗ്യവും വിദ്യാഭ്യാസവും)<br>3. പി വി രാജൻ (ക്ഷേമകാര്യം) |

# ചെങ്ങളായി ഗ്രാമപഞ്ചായത്ത്
# ഭരണസമിതി 2025-2030



**വിപിന ബി പി**
പ്രസിഡണ്ട്



**കെ കെ രവി മാസ്റ്റർ**
വൈസ് പ്രസിഡണ്ട്



**ബിന്ദു എം വി**
വികസന സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



**കെ സി അമ്മുക്കുട്ടി**
ആരോഗ്യ വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



**രാജൻ പി വി**
ക്ഷേമകാര്യം സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർമാൻ



**പ്രിയ ടി സി**
വാർഡ്-1, കണ്ണാടിപ്പാറ



**അലക്സാണ്ടർ കെ കെ**
വാർഡ്-2, വടക്കേമൂല



**സഫൂറ കെ**
വാർഡ്-3, ചാലിൽവയൽ



**ബിജു ടി**
വാർഡ്-4, മമ്മലത്ത്കരി



**റജീന എം**
വാർഡ്-7, അടുക്കം



**പി കെ നഫീസ**
വാർഡ്-8, ചെങ്ങളായി



**ഭാസ്കരൻ എം കെ**
വാർഡ്-9, കുണ്ടംകൈ



**മിനി കെ വി**
വാർഡ്-10, കോട്ടപ്പറമ്പ്



**രാജ്കുമാർ ടി**
വാർഡ്-12, കൊയ്യം



**ഹസീന സി കെ**
വാർഡ്-14, തെർളായി



**കെ സുനീഷ്**
വാർഡ്-15, മണക്കാട്




**പി കെ സിന്ധു**
വാർഡ്-17, കുണ്ടൂലാട്



**ശൈലേഷ് ബാബു**
വാർഡ്-18, ചുഴലി



**രജിത പി**
വാർഡ്-19, പടിഞ്ഞാറേമൂല



**എൻ നാരായണൻ**
വാർഡ്-20, കുളത്തൂർ



**ഹരികൃഷ്ണൻ കെ യു**
സെക്രട്ടറി

# പ്രസിഡണ്ടിന്റെ ആമുഖ പ്രസംഗം



'ഹാ! വരും വരും നൂനമാദിന മെൻ നാടിന്റെ
നാവനങ്ങിയാൽ ലോകം ശ്രദ്ധിക്കും ദിനം വരും
ഹാ! വരും വരും നൂനമാദിന മെൻ നാടിന്റെ
പാവന പതാകകൾ കടലിൽ തത്തിപ്പാറും '

മലയാളത്തിന്റെ പ്രിയ കവി ജി ശങ്കരക്കുറുപ്പിന്റെ അഴിമുഖത്തേക്ക് എന്ന കവിതയിലെ ഏതാനും വരികളാണിത്. ഈ പ്രതീക്ഷ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് ഉറച്ച നിശ്ചയദാർഢ്യത്തോടെ ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ വികസന തുടർച്ചയ്ക്കായി 2026 ഡിസംബർ 21ന് നിലവിൽ വന്ന ഭരണസമിതിയുടെ ആദ്യത്തെ ബജറ്റ് നടപടികൾക്ക് തുടക്കം കുറിക്കാം.

ജനകീയ ആസൂത്രണം കാൽനൂറ്റാണ്ട് പിന്നിടുന്ന ഈ ഘട്ടത്തിൽ ക്ഷേമപ്രവർത്തനങ്ങളോടൊപ്പം പ്രാദേശിക സാമ്പത്തിക വികസനവും പശ്ചാത്തല വികസനവും ലക്ഷ്യം വച്ചുകൊണ്ടാണ് പ്രാദേശിക ഗവൺമെന്റുകൾ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഭരണസമിതികളെല്ലാം മുന്നോട്ടുവച്ച വികസന പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ഈ ഭരണസമിതി ലക്ഷ്യം വയ്ക്കുന്നത്. അതിദാരിദ്ര നിർമ്മാർജ്ജനം സാധ്യമാക്കിയ പഞ്ചായത്താണ്. നമ്മുടേത്.അവരെ സംരക്ഷിക്കുകയും അതോടൊപ്പം ദാരിദ്രനിർമാർജനം ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികൾക്ക് രൂപം കൊടുക്കുകയും ആണ് ഈ ഭരണസമിതിയുടെ ഉത്തരവാദിത്തം. വീട്ടമ്മമാർക്ക് പെൻഷൻ നൽകുന്ന സ്ത്രീ സുരക്ഷ പെൻഷൻ എന്ന ചരിത്രപരമായ പ്രഖ്യാപനം നടത്തിയ കേരള സർക്കാരിന് ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുകയാണ്.ഇതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ 1400 ഓളം വീട്ടമ്മമാർക്ക് നിലവിൽ പെൻഷൻ ലഭ്യമാക്കിയിട്ടുണ്ട്.

സമഗ്ര വികസനം, സാമൂഹ്യനീതി, പരിസ്ഥിതി സംരക്ഷണം, ഡിജിറ്റൽ പുരോഗതി എന്നിവയെ ആധാരമാക്കി ഒരു നവകേരളം സാക്ഷാത്കരിക്കാനുള്ള ദൃഢനിശ്ചയത്തോടെയാണ് ഈ വർഷത്തെ പഞ്ചായത്ത് ബജറ്റ് ഞങ്ങൾ അവതരിപ്പിക്കുന്നത്. ജനകീയ പങ്കാളിത്തവും സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്ന വികസന മാതൃകയാണ് നമ്മുടെ ലക്ഷ്യം.

ഈ ബഡ്ജറ്റ് ഒരു വരവ്ചെലവ് രേഖ മാത്രമല്ല ; മറിച്ച് നമ്മുടെ പഞ്ചായത്തിന്റെ ഭാവിദിശ നിർണ്ണയിക്കുന്ന വികസന രേഖയാണ്. സുസ്ഥിര വികസനം, സമഗ്ര ക്ഷേമം, സാമ്പത്തിക സ്വയംപര്യാപ്തത, ഹരിത കേരളം, ഡിജിറ്റൽ കേരളം എന്നീ ആശയങ്ങളോട് ചേർന്നുള്ള പദ്ധതികൾക്കാണ് ഇതിൽ മുൻഗണന നൽകുന്നത്.

നവകേരളം ലക്ഷ്യം വച്ചുകൊണ്ട് കേരള സർക്കാർ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ തുടർച്ചയായി ഗ്രാമീണ ജനതയുടെ ജീവിത നിലവാരം

ഉയർത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വിവിധ സ്രോതസ്സുകളിൽ നിന്നായി ലഭ്യമാകുന്ന ഫണ്ടുകളെല്ലാം സ്വരൂപിച്ചുകൊണ്ട് സുസ്ഥിര വികസന പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ഗ്രാമപഞ്ചായത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനം ഉയർത്തുക എന്നതാണ് ഭരണസമിതിയുടെ പ്രാഥമിക ലക്ഷ്യം. കൃഷിയും സംരംഭകത്വവും അതോടൊപ്പം കർഷകർക്ക് പിന്തുണ,ജലസംരക്ഷണ മേഖലയിൽ നവീന പദ്ധതികൾ വനിതാ സ്വയംസഹായസംഘങ്ങൾക്ക് പ്രോത്സാഹനം, യുവജനങ്ങൾക്ക് തൊഴിൽസാദ്ധ്യതകൾ സൃഷ്ടിക്കൽ. ആരോഗ്യ വിദ്യാഭ്യാസമേഖലയിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ ശക്തീകരണം, സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ പൂർത്തീകരണം എന്നിവയും ലക്ഷ്യമിടുന്നു. അടിസ്ഥാന സൗകര്യ വികസനത്തിൽ റോഡുകൾ, കുടിവെള്ളം, ശുചിത്വം, ലൈറ്റ് സംവിധാനം എന്നിവയിൽ നവീകരണ പ്രവർത്തനങ്ങൾ,സാമൂഹ്യ സുരക്ഷ മേഖലയിൽ മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ, പിന്നാക്ക വിഭാഗങ്ങൾ എന്നിവർക്കായുള്ള ക്ഷേമപദ്ധതികൾ.

പരിസ്ഥിതി സംരക്ഷണം ലക്ഷ്യമാക്കിയുള്ള മാലിന്യസംസ്കരണ പദ്ധതികൾ, ജലസംരക്ഷണം ഉൾപ്പെടെയുള്ള ഹരിതപദ്ധതികൾ, പ്രാദേശിക വികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള ടൂറിസം മേഖലയിലെ വികസനം, ദുരന്തനിവാരണ മേഖലയിൽ കൂടുതൽ ജാഗ്രതയോടെ മുന്നേറുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ എന്നിങ്ങനെ വിവിധ പദ്ധതിക്കൾക്കാണ് നാം നേതൃത്വം കൊടുക്കാൻ പോകുന്നത്.

ജനകീയ സഹായത്തോടെ ചെറുപട്ടണങ്ങളുടെ സൗന്ദര്യവൽക്കരണം നമുക്ക് നടപ്പിലാക്കേണ്ടതുണ്ട്, ജനങ്ങൾ ഇടപെടുന്ന പൊതു ഇടങ്ങളെല്ലാം ശുചിത്വവും സുന്ദരവും ആക്കുക എന്നത് നമ്മുടെ ലക്ഷ്യമാണ്.തരിശുഭൂമികളെ കാർഷിക സമൃദ്ധമാക്കി മാറ്റുകയും പച്ചപ്പ് നിലനിർത്താൻ ആവശ്യമായ ജനകീയ പദ്ധതികൾ തയ്യാറാക്കുകയും വേണം.ദുരന്തനിവാരണ മേഖലയിൽ ശാസ്ത്രീയവും കൃത്യവുമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.ലോക ടൂറിസം ഭൂപടത്തിലേക്ക് ചെങ്ങളായിയെ അടയാളപ്പെടുത്തുക എന്നത് നമ്മുടെ സ്വപ്നമാണ്,അത് യാഥാർത്ഥ്യമാക്കാനുള്ള പദ്ധതികൾ രൂപകൽപ്പന ചെയ്യണം. ഗ്രാമീണ റോഡുകളെ കൂടുതൽ മികവുറ്റതാക്കി എല്ലായിടത്തും വെളിച്ചം ലഭ്യമാക്കാൻ ആവശ്യമായ തരത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ ആവശ്യമായ പദ്ധതികൾക്ക് നല്ലൊരു തുക വകയിരുത്തേണ്ടതുണ്ട്

ചെങ്ങളായിയുടെ സാംസ്കാരിക പെരുമയെയും ഗ്രന്ഥശാല സംവിധാനങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് സാംസ്കാരിക മുന്നേറ്റം നമുക്ക് സാധ്യമാക്കണം.നമ്മുടെ പഞ്ചായത്തിലെ കുഞ്ഞുങ്ങൾ മുതൽ മുതിർന്നവർ വരെയുള്ള സകലമാന മനുഷ്യരുടെയും ഹാപ്പിനസ് ഇൻഡക്സ് ഉയർത്തും വിധത്തിലുള്ള കൂട്ടായ്മകൾ സംഘടിപ്പിക്കേണ്ടതുണ്ട്.എന്നാൽ അവയ്ക്ക് കൂടുതൽ പണമല്ല നാം കണ്ടെത്തേണ്ടത് സംഘടിപ്പിക്കാനുള്ള സന്നദ്ധതയാണ്. ലഹരിക്കെതിരെ നിതാന്ത ജാഗ്രതയോടുള്ള പ്രവർത്തനങ്ങൾ നമ്മൾ ഒറ്റക്കെട്ടായി നടപ്പിലാക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിന്റെ നാളിതുവരെ നടന്ന വികസന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച ജനപ്രതിനിധികളെ, ഭരണാധികാരികളെ, പ്രിയ ഉദ്യോഗസ്ഥരെ, ആസൂത്രണ

സമിതി അംഗങ്ങളെ അഭിവാദ്യം ചെയ്യുന്നു. മുന്നേ നടന്നു പോയവരുടെ മഹത്തായ പൈതൃകം ഏറ്റെടുത്ത് കൂടുതൽ കരുത്തോടെ ചെലവഴിക്കുന്ന ഓരോ രൂപയും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ ആകുമെന്നുള്ള ഉറപ്പോടെ വികസനത്തിന്റെ, കൂട്ടായ്മയുടെ, നിക്ഷേപത്തിന്റെ, പുതിയ ചരിത്രം രചിക്കാനുതകുന്ന 2026–27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരിപ്പിക്കുന്നതിനായി ബഹുമാന്യനായ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ടിനെ ക്ഷണിക്കുന്നു.

സ്നേഹാദരങ്ങളോടെ
വിപിന ബി പി
പ്രസിഡന്റ്
ചെങ്ങളായി ഗ്രാമപഞ്ചായത്ത്.

# വൈസ് പ്രസിഡണ്ടിന്റെ ബജറ്റ് പ്രസംഗം



## ആമുഖം

വികസന രംഗത്ത് കേരളം ലോകത്തിനാകെ മാതൃകയാകുന്ന ഒരു പ്രത്യേക സാഹചര്യത്തിലാണ് ഇത്തവണത്തെ ഈ ബജറ്റ് അവതരണം നടക്കുന്നത്. നവകേരള സൃഷ്ടിക്കായുള്ള ശ്രമത്തിന്റെ ഭാഗമായി വിവിധ മേഖലകളിൽ നാം നേടിയ നേട്ടങ്ങൾ ലോകത്ത് ശ്രദ്ധേയമായി മാറുകയാണ്. ഈ മാറ്റങ്ങൾക്കൊക്കെ അടിസ്ഥാനമായി നിന്നത് പ്രാദേശിക സർക്കാറുകളാണ് എന്നത് ഏറെ അഭിമാനകരമാണ്. 2025 നവംബർ ഒന്നിന് കേരളം അതിദാരിദ്ര മുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ്. മുക്തമാക്കപ്പെട്ട അതിദരിദ്രരെ സംരക്ഷിച്ചു നിർത്തുന്നതിനോടൊപ്പം കേവല ദാരിദ്ര്യം നിർമ്മാർജനം ചെയ്യുക എന്ന മഹത്തായ ലക്ഷ്യം നമ്മുടെ സംസ്ഥാനം ഏറ്റെടുക്കാൻ പോവുകയാണ്. കാർഷിക മേഖലയിലും സ്റ്റാർട്ടപ്പുകളിലൂടെയും ചെറുകിട സംരഭങ്ങളിലൂടെയും വ്യാവസായിക മേഖലയിലും വൻ കുതിച്ചുചാട്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു. വിജ്ഞാന സമ്പദ് വ്യവസ്ഥയുടെ ഭാഗമായി വിജ്ഞാന കേരളം പരിപാടിയിലൂടെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള തീവ്രമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഈ പശ്ചാത്തലത്തിലാണ് ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ പുതിയ ഭരണ സമിതി അധികാരം ഏറ്റിരിക്കുന്നത്. പുതിയ ഭരണസമിതിയുടെ ഒന്നാമത്തെ ബജറ്റ്, പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷത്തെ ബജറ്റ് എന്നീ നിലകളിൽ ഇത്തവണത്തെ ബജറ്റ് ഏറെ പ്രാധാന്യമർഹിക്കുന്നു.

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ബ്ലോക്കിൽപ്പെട്ട ചെങ്ങളായി ഗ്രാമപഞ്ചായത്ത് മലയോര പഞ്ചായത്തുകളുടെ വിഭാഗത്തിൽ പെടുത്താവുന്നതാണ്. ഒരു ഭാഗത്ത് ജലസമൃദ്ധമായ വളപട്ടണം പുഴയും മറുഭാഗത്ത് ചെങ്കൽകുന്നുകളും ഉൾപ്പെടുന്ന പ്രദേശമാണ്. ഇതുകൊണ്ടുതന്നെ ടൂറിസം ഭൂപടത്തിൽ ഇടംപിടിക്കാനുള്ള നല്ല സാധ്യതയുള്ള ഒരു പ്രദേശമാണ് ചെങ്ങളായി പഞ്ചായത്ത്. കൊയ്യം- വളക്കൈ റോഡ്, കുറുമാത്തൂർ-കൂനം കുളത്തൂർ - കണ്ണാടിപ്പാറ റോഡ് എന്നിവ യാഥാർത്ഥ്യമായി.

അഡൂർ കടവ് പാലം ഉടൻ പൂർത്തിയാവും. ഇവയൊക്കെ സജ്ജമാകുന്നതോടെ ഗ്രാമപഞ്ചായത്ത് കൂടുതൽ ഗതാഗത സൗഹൃദമായി മാറിക്കൊണ്ടിരിക്കുകയാണ്.

ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമാക്കിയുള്ള പരിപാടികളുടെ രൂപരേഖയാണ് 2025- 26 അന്തിമ ബഡ്ജറ്റിലും 2026-27 ബജറ്റിലും ഉൾപ്പെടുത്തിയിരിക്കുന്നത്. എല്ലാ പ്രദേശത്തും വികസനത്തിന്റെ വെളിച്ചം തുല്യ രീതിയിൽ എത്തിക്കുകയും അതേസമയം പഞ്ചായത്തിനെ മൊത്തത്തിൽ ഒരു വികസന യൂണിറ്റായി കണക്കാക്കുകയും ചെയ്തു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ ബജറ്റിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ ബജറ്റ് രൂപപ്പെടുത്തുന്നതിന് ജനകീയമായതും അതോടൊപ്പം ഔപചാരികവുമായ വിവിധ പ്രവർത്തനങ്ങൾ നടന്നു. ഗ്രാമപഞ്ചായത്ത് ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ, ഘടക സ്ഥാപന മേധാവികൾ, ഗ്രാമസഭകൾ, പ്രത്യേക ഗ്രാമസഭകൾ, വിദഗ്ധന്മാരുമായുള്ള ചർച്ച ഇതിൽ നിന്നൊക്കെ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് രൂപപ്പെടുത്തി എടുത്തതാണ് ഈ ബജറ്റിലെ വികസന നിർദേശങ്ങൾ.

## വിഭവ സ്രോതസ്സുകൾ

ആവശ്യങ്ങൾ നിരവധിയും ലഭ്യമാകുന്ന വിഭവം പരിമിതവും ആകുമ്പോഴാണ് ആസൂത്രണത്തിന്റെ പ്രസക്തി വർദ്ധിക്കുന്നത് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വിവിധതരത്തിലുള്ള ധന സ്രോതസ്സുകൾ ആണ് ഉള്ളത്. കേന്ദ്ര-സംസ്ഥാന ആവിഷ് കൃത പദ്ധതികൾ, പ്ലാൻ ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാൻഡ്, ജില്ലാ - ബ്ലോക്ക് പഞ്ചായത്ത് വിഹിതം, തനത് ഫണ്ട് എന്നിവയാണ് പഞ്ചായത്തിന്റെ പ്രധാനപ്പെട്ട വിഭവ സ്രോതസ്സുകൾ.

കേന്ദ്രവിഷ്കൃത പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. ഈ പദ്ധതിയിൽ അടുത്തകാലത്ത് കേന്ദ്രസർക്കാർ വരുത്തിയ മാറ്റങ്ങൾ ഇതിന്റെ ഭാവിയെക്കുറിച്ച് ആശങ്ക ഉയർത്തുന്നതാണ്. അടുത്ത സാമ്പത്തിക വർഷം മുതൽ ഏതുതരത്തിലുള്ള പ്രവർത്തികൾ നടത്താമെന്നും ഏതൊക്കെ രീതിയിൽ ആയിരിക്കും എന്നുള്ളതിലും അനിശ്ചിതത്വം നിലനിൽക്കുന്നു. അതിനാൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ നമ്മൾ നടത്തിയ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളും ആസ്തി വികസന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള റോഡ് വികസന പ്രവർത്തനങ്ങളും എത്രകണ്ട് മുന്നോട്ടു കൊണ്ടു പോകാൻ കഴിയുമെന്ന് സംശയം നിലനിൽക്കുകയാണ്.

തനത് വരുമാനത്തിന്റെ പ്രധാന സ്രോതസ്സ് വസ്തു നികുതിയാണ്. 100% വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ നമ്മുടെ പഞ്ചായത്ത് കഴിഞ്ഞ വർഷങ്ങളിൽ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇത് തുടരാൻ വേണ്ടി ശ്രമിക്കും. അതോടൊപ്പം കെട്ടിട നിർമ്മാണ രംഗത്ത് ശാസ്ത്രീയമായ പരിശോധനകളുടെ നികുതി പരിഷ്കരണ നടപടി ത്വരിതപ്പെടുത്തി ഈ രംഗത്തെ വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കും. 2026-27 വർഷത്തിൽ 85,00,000 രൂപയാണ് പ്രതീക്ഷിക്കുന്നത്.

മറ്റൊരു പ്രധാനപ്പെട്ട വരുമാന സ്രോതസ്സ് ആണ് തൊഴിൽ നികുതി ഗ്രാമപഞ്ചായത്ത് പരിധിയിൽ സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളിൽ നിന്നും പിരിച്ചെടുക്കുന്ന നികുതിയാണ് തൊഴിൽ നികുതി

കൂടുതൽ തൊഴിലവസരങ്ങളും തൊഴിൽ സംരംഭങ്ങളും ഉണ്ടായാൽ മാത്രമേ ഈ ഇനത്തിൽ വരുമാന വർദ്ധനവ് ഉണ്ടാകുള്ളൂ. 2026- 27 വർഷത്തിൽ 26,25,000 രൂപയാണ് പ്രതീക്ഷിക്കുന്നത്.

## വികസന മേഖലകളിലൂടെ

ലഭ്യമായ വരുമാനവും ജനങ്ങളുടെ ആവശ്യങ്ങളും പരിഗണിച്ചു താഴെപ്പറയുന്ന രീതിയിലാണ് മേഖലകൾക്ക് ഈ ബജറ്റിൽ ഊന്നൽ നൽകുന്നത്.

**കാർഷിക മേഖല :**

ചെങ്ങളായി ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയിൽ അധിഷ്ഠിതമായ സാമ്പത്തിക ഘടനയാണ് ഉള്ളത് എങ്കിലും കർഷകർക്ക് സ്ഥായിയായ വരുമാനമില്ലാത്തത് ഈ രംഗത്ത് പുതുതലമുറയെ ആകർഷിക്കുന്നതിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ആധുനിക കൃഷി രീതികളും ഉത്പാദന സംസ്കരണ സംവിധാനങ്ങളും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും ഉണ്ടാക്കിക്കൊണ്ട് വരുമാന വർദ്ധനവ് ഉണ്ടാക്കുക മാത്രമാണ് ഇതിന് പരിഹാരം. കൃഷി വിജ്ഞാനകേന്ദ്രം, കാർഷിക സർവകലാശാല എന്നിവയുടെ സേവനത്തിലൂടെ ഈ മേഖലയിൽ പുതിയ മാറ്റങ്ങൾ ഉണ്ടാക്കുകയാണ്. കൃഷിഭവന് കീഴിൽ പ്രവർത്തിക്കുന്ന കാർഷിക കർമ്മ സേന കൂടുതൽ സജീവമാക്കി വിത്ത്, വളം എന്നിവയുടെ ഉൽപാദനത്തിൽ പുരോഗതി ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് ആവശ്യമായ വിവിധ നടീൽ വസ്തുക്കളുടെ നിർമ്മാണത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക ജൈവവളം വിതരണം ചെയ്യുക എന്നിവ ഇതിന്റെ ലക്ഷ്യമായി കാണുന്നു.വിള വ്യാപനത്തിലൂടെ ഉത്പാദനവും വരുമാനവും വർദ്ധിപ്പിക്കുക എന്നതാണ് ഈ ബജറ്റ് ലക്ഷ്യമിടുന്നത്. അതിനായി കുരുമുളക്, കശുമാവ്, കമുക് തുടങ്ങിയ വിളവ് വ്യാപനത്തിനു വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. അതോടൊപ്പം ഗ്രാമീണ തൊഴിൽ മേഖലയിൽ പുതുതായി നിലവിൽ വരുന്ന VB-G RAM G പദ്ധതി മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തും. ഇത്തരത്തിൽ കൃഷിക്കും അനുബന്ധ മേഖലകൾക്കുമായി ഈ ബജറ്റിൽ 60,73,600 രൂപ വകയിരുത്തി യിരിക്കുന്നു.

**മൃഗസംരക്ഷണ മേഖല:**

തീറ്റപ്പുൽ കൃഷി വ്യാപനം, തൊഴുത്ത് നിർമ്മാണം എന്നിവക്ക് സഹായം നൽകിക്കൊണ്ട് ക്ഷീരോൽപാദക മേഖലയിൽ മാറ്റമുണ്ടാക്കാനാണ് ശ്രമിച്ചത്. എന്നാൽ നിലവിലുള്ള 6 ക്ഷീരോൽപാദക സംഘങ്ങളിൽ പാൽ സംഭരിക്കുന്നതിന്റെ അളവ് വേണ്ടത്ര വർദ്ധിക്കുന്നില്ല. ക്ഷീരകർഷകർക്ക് പശുക്കളെ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം തുടരണം. അതോടൊപ്പം ഗ്രൂപ്പ് അടിസ്ഥാനത്തിൽ പശു വളർത്തലിനുള്ള സംഘങ്ങൾ രൂപീകരിക്കപ്പെട്ടു വരികയാണെങ്കിൽ പ്രോത്സാഹനം നൽകും. ക്ഷീരകർഷകർക്ക് ഇൻസൻറീവ്, ധാതുലവണം , കാലിത്തീറ്റ സബ്സിഡി തുടങ്ങിയവയിലൂടെ ഈ രംഗത്ത് മാറ്റം ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്. മുട്ട മാംസം എന്നിവയുടെ ഉത്പാദനത്തിൽ കൂടുതൽ മികവ് ഉണ്ടാക്കേണ്ടതുണ്ട്. ഇതിനായി മുട്ടക്കോഴി വിതരണത്തിന് ഫണ്ട് വകയിരുത്തുന്നു. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് കേരള ചിക്കൻ പദ്ധതി നമ്മുടെ പഞ്ചായത്തിലും വ്യാപിപ്പിക്കും.

തെരുവ് നായകളുടെ നിയന്ത്രണത്തിന് എ ബി സി പദ്ധതി നടപ്പിലാക്കുകയും ഷെൽട്ടർ ഹോം പദ്ധതി വിഭാവനം ചെയ്യുന്നു. ഇതിനായി മൃഗസംരക്ഷണ മേഖലക്ക് 63,90,800 വകയിരുത്തിയിരിക്കുന്നത്.

## പൊതുജനാരോഗ്യം:

ചെങ്ങളായി, ചുഴലി കുടുംബാരോഗ്യ കേന്ദ്രങ്ങൾ അവയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന കുടുംബക്ഷേമ ഉപ കേന്ദ്രങ്ങൾ, ആയുർവേദ ആശുപത്രി, ഹോമിയോ ആശുപത്രി എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ പൊതുജനാരോഗ്യ സംവിധാനങ്ങളിൽ പ്രധാനപ്പെട്ടവ. ഈ ആരോഗ്യ സംവിധാനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി പരമാവധി മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക എന്നുള്ളതാണ് ഗ്രാമപഞ്ചായത്ത് ലക്ഷമിടുന്നത്. ആശുപത്രി സംവിധാനങ്ങളിൽ മുടക്കം കൂടാതെ മരുന്ന് ലഭ്യത ഉറപ്പുവരുത്താൻ ഈ ബജറ്റ് വിഭാവനം ചെയ്യുന്നു. ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കുന്നതിനും വ്യാപകമാകുന്ന ക്യാൻസറിനെതിരായി പ്രതിരോധ പ്രവർത്തന സംഘടിപ്പിക്കുന്നതിനും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. പാലിയേറ്റീവ് കെയർ രംഗത്ത് സ്നേഹ സ്പർശം പരിപാടി കൂടുതൽ ഫലപ്രദമാക്കി രോഗി പരിചരണം ഉറപ്പുവരുത്താൻ പ്രത്യേക പരിഗണന നൽകുന്നു. ചുഴലി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് NRHM ഫണ്ട് ലഭ്യമായി കഴിഞ്ഞു. നിർമ്മാണ പ്രവർത്തികൾ ഉടൻതന്നെ ആരംഭിക്കും. നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ആരോഗ്യ മേഖലക്കായി 62,44,800 രൂപ ബജറ്റിൽ വകയിരുത്തുന്നു.

## വിദ്യാഭ്യാസം സാംസ്കാര കലാകായികം യുവജനക്ഷേമം:

ഒരു സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ നിർണായകമായ പങ്കുവഹിക്കുന്ന വിദ്യാഭ്യാസം സാംസ്കാരം കലാകായികം യുവജനക്ഷേമം എന്നീ മേഖലകളെ ഗ്രാമ പഞ്ചായത്ത് വളരെ പ്രാധാന്യത്തോടെ കാണുകയാണ്. 9 എൽ പി 4 യുപി 2 ഹയർ സെക്കൻഡറി സ്കൂളുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇതിൽ ഗ്രാമപഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരുന്നത് പരിപ്പായി ഗവൺമെൻറ് എൽ പി സ്കൂർ മാത്രമാണ്. ഈ സ്കൂളിലെ കുട്ടികൾക്ക് ശാരീരിക മാനസിക വികാസത്തിന് അനുയോജ്യമായ പദ്ധതികളും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും ഈ ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിഭാത കിരണം എന്ന പേരിൽ പ്രഭാതഭക്ഷണ പരിപാടി ഈ വിദ്യാലയത്തിൽ തുടരും. അതോടൊപ്പം തന്നെ എല്ലാ വിദ്യാലയങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ എസ് എസ് കെ ക്കുള്ള വിഹിതം ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ വിദ്യാലയങ്ങളിലും കുട്ടികളുടെ അക്കാദമികമായ മികവിന് ഉതകുന്ന രീതിയിൽ സർഗോത്സവങ്ങൾ സംഘടിപ്പിക്കാൻ ബജറ്റ് വിഭാവനം ചെയ്യുന്നു. സ്കൂളുകളിലെ പഠന നിലവാരത്തെ സഹായിക്കുന്ന തരത്തിൽ പഠനോപകരണ ശില്പശാല സംഘടിപ്പിക്കും. അതോടൊപ്പം ഗ്രാമപപഞ്ചായത്തിൽ 34 ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ഗ്രന്ഥശാലകൾ ഉണ്ട്. ഇവയെ ചേർത്തുപിടിച്ച് സാംസ്കാരികത്തെ ഇടപെടാൻ ആണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്. ഇതിനായി ഗ്രന്ഥാലയങ്ങൾക്ക്

ആധുനികവൽക്കരണത്തിന് സഹായം ഈ ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കലാസാംസ്കാരിക രംഗങ്ങളിൽ കേരളോത്സവത്തിന്റെ നടത്തിപ്പ് പ്രധാനപ്പെട്ടതാണ്. കേരളോത്സവം ഫലപ്രദമായി നടത്താനും സ്പോർട്സ് ക്ലബ്ബുകൾക്ക് കളി ഉപകരണങ്ങൾ വിതരണം ചെയ്യാനും ബജറ്റ് വിഭാവനം ചെയ്യുന്നു. സ്പോർട്സ് കൗൺസിൽ കുറെ കൂടി സജീവമാക്കാൻ ശ്രദ്ധിക്കുന്നതാണ്. വളക്കൈ സാംസ്കാരിക നിലയം,നിടുവാലൂർ കുട്ടികളുടെ ലൈബ്രറി, തേറളായി പഞ്ചായത്ത് വായനശാല എന്നിവ സജീവമാക്കുന്നതിന് ലൈബ്രേറിയന്റെ സേവനം മൂന്നിടങ്ങളിലും ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും.വിജ്ഞാന കേരളം പദ്ധതിയിലൂടെ അഭ്യസ്ഥ വിദ്യരായ യുവതി യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കും. ഇതിനായി വിദ്യാഭ്യാസം സാംസ്കാരം കലാകായികം യുവജനക്ഷേമം മേഖലയിൽ 35,80,000 രൂപ ബജറ്റിൽ വകയിരുന്നു.

## വനിത ശിശുക്ഷേമം:

സ്ത്രീകളുടെയും കുട്ടികളെയും ക്ഷേമത്തെ ഗ്രാമപഞ്ചായത്ത് വളരെ ഗൗരവത്തോടെ കാണുന്നു ശിശു സൗഹൃദ, സ്ത്രീ സൗഹൃദ പഞ്ചായത്ത് ആക്കുക എന്നത് നമ്മുടെ അന്തിമലക്ഷ്യമായി പ്രഖ്യാപിക്കുകയാണ്. ഗ്രാമപഞ്ചായത്തിൽ 37 അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ഈ ബജറ്റിൽ ഫണ്ട് വകയിരുത്തുന്നു. അംഗൻവാടികളെ കൂടുതൽ ശിശു സൗഹൃദമാക്കാനും അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. അംഗൻവാടി പ്രായപരിധിയിലെ കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്കുള്ള പോഷകാഹാര വിതരണത്തിനായി ഗ്രാമപഞ്ചായത്ത് ബജറ്റിൽ തുക വകയിരുത്തുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിന് ജാഗ്രത സമിതികളെ കൂടുതൽ സജീവമാക്കും.നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ സ്ത്രീപദവി പഠന റിപ്പോർട്ട് വിശകലനം ചെയ്ത് പഠനത്തിലൂടെ കണ്ടെത്തിയ പ്രശ്നങ്ങളുടെ പരിഹാരത്തിനു വേണ്ടിയുള്ള പദ്ധതികൾ രൂപപ്പെടുത്തും. ഇതിൽ ഏറ്റവും പ്രധാനം സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്നുള്ളതാണ്. ഇതിനായി ചെറുകിട സംരംഭങ്ങൾ വ്യക്തിപരമായും ഗ്രൂപ്പുകളായും തുടങ്ങുന്നതിന് ആവശ്യമായ സഹായം ചെയ്തു കൊടുക്കും. വനിതകൾക്കായി ആരംഭിച്ച ഫെമി പവർ വനിതാ ഫിറ്റ്നസ് ആധുനിക വൽക്കരിക്കും. വനിതാ ശിശുക്ഷേമ മേഖലയിൽ 65,55,000 രൂപ ഈ പ്രവർത്തനങ്ങൾക്ക് വേണ്ടി ബജറ്റിൽ വകയിരുത്തുന്നു.

## കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്കരണം :

എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം എന്നതാണ് ഈ പഞ്ചായത്ത് ലക്ഷ്യമിടുന്നത്. ഇതിനായി നാം ആരംഭിച്ച ജല ജീവൻ മിഷന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. ജല വിതരണത്തിനുള്ള ടാങ്കുകൾ നിർമ്മിക്കാനുള്ള സ്ഥലം ഏറ്റെടുത്ത് നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് പരിധിയിലെ മുഴുവൻ വീടുകളിലേക്കും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന

പ്രവർത്തനവും നടന്നുവരുന്നു. സമീപഭാവിയിൽ തന്നെ ജലജീവൻ മിഷൻ പദ്ധതിയിലൂടെ എല്ലാവർക്കും കുടിവെള്ളമെത്തിക്കുക എന്നതാണ് ലക്ഷ്യം. അതോടൊപ്പം നിലവിലുള്ള കുടിവെള്ള സ്രോതസ്സുകളെ സംരക്ഷിക്കാൻ നാം പ്രതിജ്ഞാബദ്ധമാണ്. ഇതിനായി പൊതു കിണറുകളും പൊതു കുഴൽ കിണറുകളും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കും.

ശുചിത്വ മേഖലയിലും മാലിന്യസംസ്ക്കരണ രംഗത്തും ഏറെ മുന്നോട്ടു പോയിട്ടുണ്ട്. സമ്പൂർണ്ണ ശുചിത്വ പഞ്ചായത്ത് എന്ന ലക്ഷ്യം നാം സാധ്യമാക്കും. എല്ലാ വീടുകളിലും ഖര - ജല മാലിന്യ സംസ്കരണ സംവിധാനം ഒരുക്കും. ഹരിത കർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിച്ചു വാതിൽപ്പടി സേവനത്തിലൂടെ അജൈവമാലിന്യങ്ങളുടെ ശേഖരണം ശക്തിപ്പെടുത്തും. യൂസർ ഫീ കലക്ഷൻ 100% എന്ന ലക്ഷ്യം ഉറപ്പുവരുത്തും. പൊതു ഇടങ്ങൾ മാലിന്യമുക്തമാക്കുന്നതിന് വാർഡുകളിൽ കൂടുതൽ മിനി എം സി എഫുകൾ, വെയ്സ്റ്റ് ബിന്നുകൾ, ബോട്ടിൽ ബൂത്തുകൾ എന്നിവ സ്ഥാപിക്കും. മാലിന്യങ്ങൾ വലിച്ചെറിയുന്നത് കണ്ടെത്തുന്നതിനുള്ള സിസിടിവി ക്യാമറകൾ കൂടുതൽ സ്ഥാപിക്കും.ഈ പ്രവർത്തനങ്ങൾക്കാവശ്യമായ 8,10,000 രൂപ ഈ ബജറ്റിൽ ഉൾപ്പെടുത്തുന്നു. ധനകാര്യകമ്മീഷൻ അലോക്കേഷൻ ലഭ്യമാകുന്ന മുറയ്ക്ക് 50% കുടിവെള്ള-ശുചിത്വ മേഖലയ്ക്ക് വകയിരുത്തുന്നതാണ്.

**പൊതുമരാമത്ത് :**

ജനങ്ങൾ ഏറെ ആഗ്രഹിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്ന മേഖലയാണ് റോഡ്,പാലം അടക്കമുള്ള ഗതാഗത സൗകര്യങ്ങൾ. നമ്മുടെ പഞ്ചായത്തിൽ സമീപകാലത്ത് ഈ മേഖലയിൽ വലിയ മാറ്റമാണ് ഉണ്ടായിരിക്കുന്നത്. വളക്കൈ - കൊയ്യം റോഡ്, കൊളത്തൂർ - കണ്ണാടിപ്പാറ റോഡ് ഇവ യാഥാർത്ഥ്യമായതോടുകൂടി യാത്ര മേഖലയിൽ വലിയ മുന്നേറ്റം ഉണ്ടായിട്ടുണ്ട്. ഇതോടൊപ്പം സമീപഭാവിയിൽ അഡൂർ കടവ് പാലം യാഥാർത്ഥ്യമാവുകയാണ്. ഇതുകൂടി ആകുമ്പോൾ നമ്മുടെ പഞ്ചായത്തിലെ ഗതാഗത മേഖലയിൽ പുതിയ ഉണർവ് ഉണ്ടാവുകയാണ്. ഇതിനനുസരിച്ച് നമ്മുടെ പ്രദേശത്തെ ഗ്രാമീണ റോഡുകളുടെ വികാസമാണ് ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും വലിയ ചുമതല. ഇതിനായി ബജറ്റിൽ നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണിക്ക് വേണ്ടി 3,68,56,000 രൂപ നീക്കി വെക്കുന്നു. അതോടൊപ്പം പുതിയ റോഡുകളുടെ നിർമാണത്തിന് 1,40,00,000 രൂപയും നീക്കിവെക്കുന്നു. മുൻകാലങ്ങളിലെ പോലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവർത്തി കൂടി നടക്കുകയാണെങ്കിൽ നമ്മുടെ ഗ്രാമീണ റോഡുകൾ സുന്ദരമാക്കാൻ നമുക്ക് കഴിയും. റോഡ് വികസനത്തിൽ വാർഡ് കാഴ്ചപ്പാട് എന്നത് മാറ്റി ഗ്രാമപഞ്ചായത്ത് തലത്തിലുള്ള കാഴ്ചപ്പാട് ഇനിയും നമ്മൾ വളർത്തിയെടുക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ അറ്റകുറ്റ പണി സമയ ബന്ധിതമായി പൂർത്തിയാക്കാൻ ഈ ബജറ്റിൽ തുക വകയിരുത്തുന്നു. നമ്മുടെ ചെറു പട്ടണങ്ങളിലെ പൊതു ശൗചാലയം സ്ഥാപിക്കുക എന്നത് നിരവധി കാലമായി ഉയർന്നുവരുന്ന ആവശ്യമാണ്. ഇതിന് ഉചിതമായ സ്ഥലം കണ്ടെത്താൻ കഴിയാത്തതാണ് പ്രശ്നപരിഹാരത്തിൽ തടസ്സമാകുന്നത്. ഈ പ്രശ്നത്തിൽ

സർക്കാർ ഉടമസ്ഥതയിലുള്ള സംസ്ഥാനപാതയോരത്തെ സ്ഥലങ്ങൾ വിട്ടുകിട്ടിയാൽ അവിടെ ടേക്ക് എ ബ്രേക്ക് മാതൃകയിൽ നിർമ്മാണം നടത്താനും ഗ്രാമപഞ്ചായത്ത് ആലോചിക്കുകയാണ്. ഇതിനുവേണ്ടിയുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് നടന്നു വരുന്നു. നിലവിലുള്ള തെരുവ് വിളക്കുകൾ കൃത്യമായി പ്രകാശിപ്പിക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ സ്ട്രീറ്റ്മെയിൻ വലിച്ച് ലൈറ്റ് സ്ഥാപിക്കുന്നതിനും ഗ്രാമപഞ്ചായത്ത് മുൻഗണന നൽകുന്നു. ഇത്തരത്തിലുള്ള പദ്ധതികൾക്കായി 4,88,25,000 രൂപയാണ് ബജറ്റിൽ വകയിരുത്തുന്നു.

## പാർപ്പിടം,ദാരിദ്ര ലഘൂകരണം:

എല്ലാവർക്കും അടച്ചുറപ്പുള്ള പാർപ്പിടം എന്നതാണ് നമ്മുടെ ലക്ഷ്യം. കേരള സർക്കാരിൻറെ ലൈഫ് പദ്ധതിയിലൂടെ നിലവിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ കുടുംബത്തിനും സാമ്പത്തിക സഹായം അനുവദിച്ചു കഴിഞ്ഞു. ഈ വീടുകൾ പൂർത്തിയാക്കാൻ വേണ്ടിയുള്ള ഫണ്ട് ഈ ബജറ്റിൽ വകയിരുത്തുന്നു. എന്നാൽ ഇനിയും ഭവന രഹിതരായ നിരവധി പേർ നമ്മുടെ നാട്ടിലുണ്ട്. ഇവർക്കുള്ള സഹായക പദ്ധതികൾ സംസ്ഥാന ഗവൺമെൻറ് നേതൃത്വത്തിൽ രൂപീകരിക്കപ്പെടുമ്പോൾ അതിൽ ആവശ്യമായ തുക കണ്ടെത്താൻ ഗ്രാമ പഞ്ചായത്തും ശ്രമിക്കുന്നതാണ്. ആയതിന് 31,99,000 രൂപ ബജറ്റിൽ വകയിരുത്തുന്നു.

ദാരിദ്ര ലഘൂകരണ പ്രവർത്തനങ്ങളിൽ അതിദാരിദ്ര മുക്ത പഞ്ചായത്ത് ആയതോടെ ഒരു ഘട്ടം പിന്നിട്ടിരിക്കുകയാണ്. എന്നാൽ അതി ദാരിദ്ര മുക്തമായവർ പൂർവ്വ സ്ഥിതിയിലേക്ക് മാറുന്നത് തടയാൻ ക്ലേശഘടകങ്ങളെ അടിസ്ഥാന പ്പെടുത്തി നാം തയ്യാറാക്കിയ മൈക്രോ പ്ലാൻ തുടരേണ്ടതുണ്ട്. കുടുംബശ്രീ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ ദാരിദ്ര ലഘൂകരണ രംഗത്തെ മറ്റൊരു പ്രധാനപ്പെട്ട പ്രവർത്തന മേഖലയാണ് . തൊഴിലുറപ്പ് പദ്ധതിയുടെ പുതിയ വർഷത്തെ ആക്ഷൻ പ്ലാൻ നാം അംഗീകരിച്ചു കഴിഞ്ഞു. പദ്ധതി തുടരുകയാണെങ്കിൽ കൂടുതൽ തൊഴിലുകൾ ലഭ്യമാക്കി ഗ്രാമീണ ജനതയ്ക്ക് ആശ്വാസമാകാൻ ഈ പദ്ധതി ഉപകരിക്കും. കുടുംബശ്രീ മേഖലയിലൂടെ പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുകയും ദാരിദ്ര ലഘൂകരണ പ്രവർത്തനങ്ങൾ സജീവമാക്കുകയും ചെയ്യണം. ഈ രംഗത്തെ പ്രവർത്തനങ്ങൾക്ക് വേണ്ടി ആവശ്യമായ തുക നീക്കി വെക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസനം:

പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് നാം ലക്ഷ്യമായി കാണുന്നത്. ആ മേഖലയിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനുള്ള സഹായങ്ങൾ ലഭ്യമാക്കും. ഭവന പുനരുദ്ധാരണത്തിന് പദ്ധതിക്ക് വെക്കും. അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി തയ്യാറാക്കും. ഇത്തരത്തിൽ പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ പദ്ധതികൾക്കായി 88,45,000 രൂപ നീക്കി വെക്കുന്നു.

## വയോജനക്ഷേമം:

നമ്മുടെ നാട്ടിലെ ആരോഗ്യ സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ വികസിക്കുന്നതോടെ ജനസംഖ്യയിൽ വയോജനങ്ങളുടെ എണ്ണവും വർദ്ധിച്ചുവരിയാണ്. അതുകൊണ്ടുതന്നെ വയോജനങ്ങളുടെ ക്ഷേമം എന്ന് പറയുന്നത് ഏറെ പ്രസക്തമാകുന്നു. വയോജനങ്ങൾക്ക് പകൽസമയം ഒത്തുകൂടുന്നതിനും ജീവിതം സന്തോഷകരമാക്കുന്നതിനു വേണ്ടിയുള്ള രണ്ട് വയോജന മന്ദിരങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഈ രണ്ടു വയോജന മന്ദിരങ്ങളിലും സായാഹ്നങ്ങളിൽ ഇവർക്ക് ഒത്തുകൂടുന്നതിനും ആഹ്ലാദകരമായ നിമിഷങ്ങൾ ഒരുക്കുന്നതിനും ഉള്ള പദ്ധതികൾ തുടരും അതോടൊപ്പം വയോജന വിശ്രമ കേന്ദ്രങ്ങളിൽ എത്തിപ്പെടാൻ പറ്റാത്ത മേഖലകളിലെ വയോജനങ്ങൾക്കായി മേഖലയിലെ ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് വയോജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കും. അതോടൊപ്പം വയോജനങ്ങൾക്ക് അവരുടെ കലാ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള പഞ്ചായത്ത് തല വയോജന സർഗ്ഗസംഗമം സംഘടിപ്പിക്കും. വയോജനങ്ങൾക്ക് ശ്രവണസഹായി ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വിതരണം ചെയ്യും. വയോജനക്ഷേമ മേഖലയിലെ പ്രവർത്തനങ്ങൾക്ക് 30,50,000 രൂപ മാറ്റിവെക്കുന്നു.

## പൊതുഭരണം:

സംശുദ്ധവും സുതാര്യവുമായ സേവനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കുക എന്നുള്ളതാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഗ്രാമപഞ്ചായത്ത് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തും അതോടൊപ്പം കെ -സ് മാർട്ട് സംവിധാനം ഉപയോഗപ്പെടുത്തി ഓഫീസിലേക്ക് വരാതെ തന്നെ എല്ലാ സേവനകളും വിരൽ ത്തുമ്പിൽ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി മുന്നോട്ട് പോകും. അതാത് വാർഡുകളിൽ ജനപ്രതിനിധികൾക്കുള്ള ഗ്രാമ കേന്ദ്രങ്ങൾ രൂപപ്പെടുത്താൻ ഈ ബജറ്റിൽ തുക വകയിരുത്തുന്നു. ഇത്തരത്തിൽ പൊതു ഭരണം മെച്ചപ്പെടുത്തുന്നതിന് 10,00,000 രൂപ ബജറ്റിൽ വകയിരുത്തുന്നു.

## ദുരന്തനിവാരണം, ജൈവവൈവിധ്യം സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം:

കാലാവസ്ഥ വ്യതിയാനവും അതിൻറെ ഭാഗമായി ഉണ്ടാകുന്ന പ്രശ്നങ്ങളും ജൈവവൈവിധ്യ സംരക്ഷണത്തിന്റെയും ദുരന്തനിവാരണത്തിന്റെയും പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ഇത് തിരിച്ചറിഞ്ഞുകൊണ്ട് നമ്മുടെ പഞ്ചായത്തിനെ സമ്പൂർണ്ണ സുരക്ഷാ സാക്ഷര പഞ്ചായത്താക്കി മാറ്റാനുള്ള ഒരു ജനകീയ പ്രവർത്തനത്തിന് ഈ ബജറ്റിൽ തുക വകയിരുത്തുന്നു. ദുരന്തനിവാരണ സേനയ്ക്ക് പരിശീലനം നൽകും. അതോടൊപ്പം തന്നെ ജൈവവൈവിധ്യ രജിസ്റ്റർ കാലികമായി പരിഷ്കരിച്ച് ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും. ഈ പ്രവർത്തനങ്ങൾക്ക് ബജറ്റിൽ 4,50,000 രൂപ വകയിരുത്തുന്നു.

## ഭിന്നശേഷിക്കാരുടെ ക്ഷേമം :

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ ഗൗരവത്തോടെ കാണേണ്ടതുണ്ട്. അവരുടെ ക്ഷേമത്തിനായി ഭിന്നശേഷി സ്കോളർഷിപ്പ്, ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ,ഭിന്നശേഷി കലാമേള എന്നിവ നടപ്പാക്കും. ഭിന്നശേഷിക്കാരുടെ കുടുംബങ്ങൾക്ക് സംരഭങ്ങൾ ആരംഭിക്കാനുള്ള സഹായം നൽകും.ഇതിനായി 21,50,000 രൂപ വകയിരുത്തുന്നു.

## ഉപസംഹാരം

നമ്മുടെ ഗ്രാമപഞ്ചായത്തിലെ എല്ലാ വിഭാഗത്തിലും പെട്ട ജനങ്ങളുടെ ക്ഷേമത്തിനും അവർ വിഭാവം ചെയ്യുന്ന വികസന പ്രവർത്തനങ്ങൾക്കും ഈ ഗ്രാമപഞ്ചായത്ത് ഭരണസമിതി ഏറെ പ്രാധാന്യം നൽകുന്നു. നിലവിലുള്ള നിയമത്തിനും ചട്ടത്തിലും വിധേയമായി ലഭ്യമായ വരുമാന സ്രോതസ്സ് ഉപയോഗിച്ച് ഇവ സാധ്യമാക്കാനുള്ള പ്രവർത്തനങ്ങളാണ് ഈ ബജറ്റിൽ കൂടി പ്രഖ്യാപിക്കുന്നത്. പുതുതായി നികുതി നിർദേശങ്ങൾ ഇല്ലാതെ ലഭ്യമായ എല്ലാ വിഭവസ്രോതസ്സുകളും ഉപയോഗിച്ചുകൊണ്ട് അവ സമാഹരിച്ച് ചെലവിനത്തിൽ സൂക്ഷ്മത പാലിച്ചുകൊണ്ട് തനത് ഫണ്ട് ഇനത്തിൽ 1,00,00,000 രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കു കയാണ്.

31,04,25,082 രൂപ വരവും 29,38,92,537 രൂപ ചെലവും 5,68,24,043രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന 2025-26 വർഷത്തെ ഭേദഗതി വരുത്തിയ ബജറ്റും, ആകെ 35,04,39,700 രൂപ വരവും 21,48,90,000 രൂപ ചെലവും 4,23,85,993 രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന 2026-27 വർഷത്തെ ബജറ്റും സൂക്ഷ്മമായ പരിശോധനക്കും ചർച്ചകൾക്കുമായി സമർപ്പിക്കുന്നു.

ചെങ്ങളായി
27/02/2026

കെ കെ രവി മാസ്റ്റർ
ചെയർപേഴ്സൺ,ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി
വൈസ് പ്രസിഡണ്ട്
ചെങ്ങളായി ഗ്രാമ പഞ്ചായത്ത്

| CHENGALAYI GRAMA PANCHAYATH | | | |
|---|---|---|---|
| Summary | | | |
| 2026-2027 NEW BUDGET | | | |
| SN | PARTICULARS | BUDGET FOR THE CURRENT YEAR 2025-26 | BUDGET FOR NEXT YEAR 2026-27 |
| 1 | Opening Balance | ₹ 4,02,91,534 | ₹ 5,68,24,043 |
| 2 | Total Revenue Receipts | ₹ 11,46,63,200 | ₹ 17,08,93,950 |
| 3 | Total Capital Receipts | ₹ 19,57,61,882 | ₹ 17,95,45,750 |
| 4 | Total Receipts | ₹ 31,04,25,082 | ₹ 35,04,39,700 |
| 5 | Grand Total | ₹ 35,07,16,616 | ₹ 40,72,63,743 |
| 6 | Total Revenue Expenditure | ₹ 25,68,27,059 | ₹ 20,96,86,000 |
| 7 | Total Capital Expenditure | ₹ 3,70,65,514 | ₹ 52,04,000 |
| 8 | Total Expenditure | ₹ 29,38,92,573 | ₹ 21,48,90,000 |
| 9 | Closing Balance as per KSMART Report | ₹ 5,68,24,043 | ₹ 19,23,73,743 |
| 10 | Fund Earmarked for Projects 2026-27 | | ₹ 14,99,87,750 |
| 11 | Closing Balance | | ₹ 4,23,85,993 |

## CHENGALAYI GRAMA PANCHAYATH
## Report: Form 1
## 2026-2027 NEW BUDGET

| SN | HEAD OF ACCOUNTS | BUDGET FOR THE CURRENT YEAR 2025-26 | BUDGET FOR NEXT YEAR 2026-27 |
|---|---|---|---|
| | **Opening Balance** | **₹ 4,02,91,534** | **₹ 5,68,24,043** |
| | **Revenue Receipt - 1** | | |
| | **Tax Revenues - 110** | | |
| 1 | 1100101 Property Tax (General) | ₹ 80,00,000 | ₹ 85,00,000 |
| 2 | 1101001 Profession Tax – Employees | ₹ 17,00,000 | ₹ 17,85,000 |
| 3 | 1101002 Profession Tax - Traders/ Institutions | ₹ 8,00,000 | ₹ 8,40,000 |
| | **Total Tax Revenues** | **₹ 1,05,00,000** | **₹ 1,11,25,000** |
| | **Fees and User Charges - 140** | | |
| 4 | 1401001 Private Hospital & Paramedical Institutions | ₹ 15,000 | ₹ 15,750 |
| 5 | 1401002 Tutorial College Registration Fee | ₹ 0 | ₹ 2,000 |
| 6 | 1401101 License Fees for IFTEOS | ₹ 6,00,000 | ₹ 6,30,000 |
| 7 | 1401106 License Fees for Domestic Dogs | ₹ 0 | ₹ 500 |
| 8 | 1401199 Other Licensing Fees | ₹ 0 | ₹ 500 |
| 9 | 1401201 Fees for Construction of Buildings | ₹ 30,00,000 | ₹ 30,00,000 |
| 10 | 1401202 Fees for Installation of Machinery | ₹ 0 | ₹ 25,000 |
| 11 | 1401203 Permit Application fee | ₹ 2,00,000 | ₹ 2,00,000 |
| 12 | 1401301 Fees for Birth & Death Certificate | ₹ 1,000 | ₹ 1,000 |
| 13 | 1401302 Fees for Delayed Registration - Birth & | ₹ 1,000 | ₹ 1,000 |
| 14 | 1401303 Fees for Marriage Certificate | ₹ 4,000 | ₹ 4,000 |
| 15 | 1401304 Fee for Marriage Registration | ₹ 10,000 | ₹ 10,000 |
